## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

## 2013 ഏപ്രിൽ 09, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

34 (*301) ദേശീയപാതയോരങ്ങളിലുള്ള ഭൂമി ഉപയുക്തമാക്കുന്നതിന് നടപടി

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്റ്റേറ്റ് ഹൈവേകൾ, മറ്റു പ്രധാന റോഡുകൾ എന്നിവയുടെ വശങ്ങളിൽ ഉപയോഗി ക്കപ്പെടാതെ കിടക്കുന്ന സർക്കാർ ഭൂമിയിൽ (ഓക്സ്ബോ ലാന്റ്) ദീർഘദൂര യാത്രക്കാർക്ക് പ്രയോജനകരമായ വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കു ന്നതിനും അവിടെ ഭക്ഷണശാലകൾ, വൃത്തിയും ശുചിത്വവുമുള്ള ശൗചാലയ ങ്ങൾ, പെട്രോൾ പമ്പുകൾ, അപകടശുശ്രൂഷാകേന്ദ്രങ്ങൾ, ആംബുലൻസ് സംവിധാനങ്ങൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള സൗകര്യങ്ങൾ മുതലായവ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത വികസന പ്രവർത്തനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയും കുടുംബശ്രീ പോലുള്ള സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടിയും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. പാതയോരങ്ങളിൽ

ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സർക്കാർ ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാനും സർക്കാരിന് വരുമാന മാർഗ്ഗം ഉണ്ടാക്കുന്നതിനുമായി കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടായിരിക്കും സംസ്ഥാന സർക്കാർ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വെറുതെ കിടക്കുന്ന ഭൂമി ആശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനായി വിട്ടുനൽകുന്നതിന് ഉദാരമായ സമീപനമാണ് സ്വീകരിക്കുന്നത്. ഡ്രെയിനേജ് സംവിധാനത്തോടുകൂടി പുതുതായി നിർമ്മിച്ചുവരുന്ന റോഡുകളിൽ ബസ്ബേയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. കൊല്ലം–ആലപ്പുഴ ബൈപ്പാസിന്റെയും തലശ്ശേരി–മാഹി ബൈപ്പാസിന്റെയും നിർമ്മാണത്തിനാവശ്യമായ തുകയുടെ 50% സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതാണ്. കൊല്ലം –ആലപ്പുഴ ബൈപ്പാസിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. തലശ്ശേരി–മാഹി ബൈപ്പാസിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കരുനാഗപ്പള്ളിയിൽ നാഷണൽ ഹൈവേ വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഭൂമി നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചതിനുശേഷം മാത്രമേ റോഡ് വികസനം നടത്താവൂവെന്നും റോഡുകൾ പൂർണ്ണമായും വികസിപ്പിച്ച ശേഷം മാത്രമേ ടോൾ പിരിവ് നടത്താവൂവെന്നും നിഷ്കർഷിച്ചിട്ടുള്ളതായി ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

35 (*302) <u>വില്ലേജ് ഓഫീസിൽ സേവനങ്ങളുടെ ലിസ്റ്റ് പ്രദർശിപ്പിക്കാൻ നടപടി</u>

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും അവയ്ക്കുള്ള മാനദണ്ഡങ്ങളും വില്ലേജ് ഓഫീസുകളിൽ പ്രദർശിപ്പിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സേവനങ്ങൾ സമയബന്ധിതമായും സുതാര്യമായും വേഗത്തിലും ലഭ്യമാക്കുകയും റവന്യൂ വകുപ്പിൽ നിന്നും ഓരോ പൗരനും ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലുമായി ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ നാളിതുവരെ 15,25,140 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് സർട്ടിഫിക്കറ്റുകൾ നൽകുവാൻ സാധിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ രണ്ട് സബ് രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രീകരിച്ചുകൊണ്ട് റീസർവ്വേ പൂർത്തിയാക്കിയ 17 വില്ലേജുകളിലെ പോക്കുവരവ് ഓൺലൈനായി നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം വില്ലേജ് ഓഫീസുകളിൽ ഇരുപതോളം സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ സാധിക്കും. അപേക്ഷ പരിശോധിച്ച് സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്. ഈ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നതോടൊപ്പം ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച് ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യം നൽകുന്ന കാര്യം പരിഗണിക്കുന്നതുമാണ്. പൈലറ്റ് പ്രോഗ്രാമായി കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ബാങ്കുകൾ മുഖാന്തിരം ടാക്സ്

അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതോടൊപ്പം ഓൺലൈനിൽ മലയാളത്തിലുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതുമാണ്. പൊതുജനങ്ങളുടെ അഭിപ്രായം കേൾക്കുന്ന തിനായി 'റൈറ്റ് റ്റു ഹിയർ' എന്ന പേരിൽ നിയമം കൊണ്ടുവരുന്നതിനെക്കു റിച്ച് ആലോചിക്കുന്നതാണ്. ഗവൺമെന്റ് നിശ്ചയിച്ചതിനെക്കാൾ കൂടുതൽ ഫീസ് അക്ഷയകേന്ദ്രങ്ങൾ ഈടാക്കുന്നതായി പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

36 (*303) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിലവാരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപ ടിയിൽ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക് നിലവാരം ഉയർത്തുന്നതി നുമായി അദ്ധ്യാപക പരിശീലനവും, വിദ്യാർത്ഥികളുടെ പഠനാനന്തര തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വൊക്കേഷണൽ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ആവശ്യമായ സമഗ്ര പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുമായി രൂപീകരിച്ച പ്രൊഫ. പി. ഒ. ജെ. ലബ്ബ ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിലെ കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കുന്നതിനും ജോബ് ഓറിയന്റഡ് കോഴ്സുകൾ കൊണ്ടുവരുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കുട്ടികൾക്ക് ഫിനിഷിംഗ് സ്കൂളുകൾക്ക് പുറമേ പഠനകാലത്തുതന്നെ തൊഴിൽശാലകളുമായി ബന്ധപ്പെട്ട് 100

മണിക്കൂർ പരിശീലനവും കോഴ്സ് കഴിഞ്ഞതിനുശേഷം താല്പര്യമുള്ള മേഖലയിൽ പരിശീലനവും നേടാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബുകൾ സെറ്റ് ചെയ്യുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

<u>അടിയന്തര ചോദ്യം</u>

2 (2) <u>ഐ.എം.ജി.-യുടെ പഠനം</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠന സെക്ഷനുകളെക്കുറിച്ച് പ്രസ്തുത വകുപ്പിന് കീഴിലുള്ള ഐ.എം.ജി. എന്ന സ്ഥാപനം പഠനം നടത്തിവരുന്നത് നീതിയുക്തമോ ചട്ടങ്ങൾക്കനുസൃതമോ അല്ലാത്തതിനാൽ നിറുത്തിവയ്ക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. സെക്രട്ടറിമാരുമായുള്ള ചീഫ് സെക്രട്ടറിയുടെ 31-12-2012-ലെ പ്രതിമാസ കോൺഫറൻസിൽ ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ് നടത്തിവരുന്ന പ്രവൃത്തി പഠനത്തിന്റെ രീതികളും സംവിധാനവും അടിയന്തരമായി പരിശോധിക്കേണ്ടതിനാൽ അക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഐ.എം.ജി. ഡയറക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഐ.എം.ജി. നടത്തുന്ന പഠനം നിറുത്തിവയ്ക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി 03-04-2013-ന് വിളിച്ചുചേർത്ത ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി,

മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവരുടെ മീറ്റിംഗിൽ സെക്രട്ടറിമാരുടെ ഒരു ടീമിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിട്ട ബാക്കി 304 മുതൽ 330 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3283 മുതൽ 3498 വരെയുള്ള ചോദ്യങ്ങളിൽ 57 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)